# കൂട്

## ഗവ. ഹൈസ്ക്കൂൾ മണ്ണഞ്ചേരി

E mail: 34044alappuzha@gmail.com
Mobile:8921070078
Address: GHS Mannancherry, Ponnad P ,
Alappuzha 688538

# ഉള്ളടക്കം

1.ചരിത്രം
2.പ്രധാന പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ 2023-2024
3.ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ
4.ശുചീകരണം
5. വായനയിലൂടെ അറിവ്
6.സർഗാത്മക പ്രവർത്തനങ്ങൾ.
7. ചാന്ദ്രദിനം.
8. ഭക്ഷ്യമേള
9. ഹിരോഷിമ നാഗസാക്കി ദിനം
10. ഓണക്കിറ്റ് വിതരണം.
11. അധ്യാപക ദിനം
12. ഹിന്ദി വാരാചരണ പ്രവർത്തനം.
13.ഏകദിന ചിത്രരചന ശില്പശാല.
14. ഗാന്ധിജയന്തിദിന പരിപാടികൾ

And various Activities powered by School clubs , Spc UNIT and LK UNIT.

STUDENT EDITORS: ARIF, JABIR, GOKUL, ARJUN

# ആശംസ

ഗവ.ഹൈസ്ക്കൂൾ മണ്ണഞ്ചേരിയിലെ ഐ റ്റി വിദഗ്ധരുടെ കൂട്ടായ്മയായ Little Kites ന്റെ നേതൃത്വത്തിൽ ഒരുങ്ങുന്ന കൂട് എന്ന ഡിജിറ്റൽ മാഗസിനിലൂടെ കുട്ടികളുടെ സർഗ്ഗാത്മകതയും ടെക്നിക്കൽ കഴിവുകളും ഒരുപോലെ മാറ്റുരയ്ക്കുന്നു. വിദ്യാലയത്തിലെ മികവാർന്ന പ്രവർത്തനങ്ങൾ സാങ്കേതികമികവോടെയും മനോഹാരിതയോടെയും ഡിജിറ്റൽ രൂപത്തിലാക്കി നമ്മുടെ കൊച്ചുമിടുക്കർ നമുക്കായി സമർപ്പിക്കുന്ന ഈ മാഗസിനും ഇതിനുവേണ്ടി പ്രയത്നിച്ച എല്ലാകുഞ്ഞുങ്ങൾക്കും കൈറ്റ് മാസ്റ്റേഴ്സിനും ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.

ശ്രീമതി.സുജാതകുമാരി

ഹെഡ് മിസ്ട്രസ് , ഗവ.ഹൈസ്ക്കുൾ മണ്ണഞ്ചേരി

# ചരിത്രം




ഒരു നാടിൻെറ സാക്ഷര-സാംസ്കാരിക നിലവാരത്തെ പരിപോഷിപ്പിക്കുന്നത് ആ നാട്ടിലെ വിദ്യാലയങ്ങളാണ്.ഏകദേശം ഒന്നര നൂറ്റാണ്ടിലേറെയായി മണ്ണഞ്ചേരിയുടെ തിരുഹൃദയത്തിൽ ജ്ഞാനവേദിയായി നിലകൊള്ളുന്ന മണ്ണഞ്ചേരി സ്കൂൾ ആരംഭിക്കുന്നത് 1905 തിരുവിതാംകൂറിലെ ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജാവിൻ്റെ കാലത്താണ്. മണ്ണഞ്ചേരിയിലെ മഹാധനിക കുടുംബമായിരുന്ന ചിരട്ടക്കാട്ടുതറവാട്ടിലെ കുടുംബ ക്ഷേത്രമായിരുന്ന തൃക്കോവിൽ ക്ഷേത്ര ഭൂമിയിൽനിന്ന് അന്നത്തെ തറവാട്ട് കാരണവരായ ശ്രീ കേശവകുറുപ്പ് ഒരു ബ്രിട്ടീഷ് രൂപ കൈപ്പറ്റി കൊണ്ട് വിട്ടുകൊടുത്ത 50 സെൻറ് ഭൂമിയിലാണ് സ്കൂൾ ആരംഭിച്ചത്. വ്യക്തികളിൽനിന്ന് സൗജന്യമായി ഭൂമി സ്വീകരിക്കുവാൻ വ്യവസ്ഥ ഇല്ലാതിരുന്നത് കൊണ്ടാണ് ഒരു ബ്രിട്ടീഷ് രൂപ കൈപ്പറ്റിയത്. അന്നത്തെ വിദ്യാഭ്യാസ ഇൻസ്പെക്ടറുടെ നിബന്ധനക്ക് വിധേയമായി സ്കൂൾ കെട്ടിടവും ശ്രീ കേശവകുറുപ്പ് തന്നെ പണിയിച്ച് നൽകി. നാടിൻ്റെ നവോത്ഥാനത്തിന് ചിരട്ടക്കാട്ട് കുടുംബം നൽകിയ കൈതാങ്ങ് ആയിരുന്നു സ്കൂൾ. ഭൗതിക വികസനത്തിനുവേണ്ടി വീണ്ടും 55 സെൻറ് സ്ഥലം കൂടി കുറഞ്ഞ വിലയ്ക്ക് നൽകി.അങ്ങനെ മണ്ണഞ്ചേരിയുടെ ആദ്യത്തെ സംസ്ഥാന സർക്കാർ സ്ഥാപനം കൂടിയായി മണ്ണഞ്ചേരി സ്കൂൾ.

മഹാരാജാവിൻെറ തിരുനാളാഘോഷമായിരുന്നു അക്കാലത്ത് സ്കൂളിലെ പ്രധാന ആഘോഷം.

ക്ഷേത്രപ്രവേശന വിളംബരം നിലവിൽ വന്ന ദിവസം സ്കൂളിൽ നിന്നും ഘോഷയാത്രയായി ചെന്ന കുട്ടികൾ തൃക്കോവിൽ ക്ഷേത്രത്തിൽ പ്രവേശിച്ച സംഭവം നാടിൻെറ സാമൂഹ്യ ചരിത്രത്തിലെ പ്രധാന ഏടാണ്. 1964ൽ എം. യൂസഫ് കുഞ്ഞ് സാർ ഹെഡ്മാസ്റ്ററും, എം.പി വിശ്വനാഥൻ, മാചിറയിൽ പി ടി ഐ പ്രസിഡൻ്റ് ആയിരുന്ന സമയത്ത് നമ്മുടെ സ്കൂൾ യുപി സ്കൂളായി അപ്ഗ്രേഡ് ചെയ്തു.

സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നത് കനത്ത വെല്ലുവിളിയായിരുന്നു. ഏതാണ്ട് മൂന്നുലക്ഷത്തോളം രൂപ കെട്ടിടത്തിനും ഫർണിച്ചറും കൂടി ആവശ്യമായിരുന്നു. ഈ തുക കണ്ടെത്തുന്നതിനായി പി കെ വാസു രക്ഷാധികാരിയായും ഷാഹുൽഹമീദ് നൈന പ്രസിഡൻ്റായും അപ്ഗ്രേഡിങ്ങ് കമ്മിറ്റി രൂപീകരിച്ചു.അങ്ങനെ 1980ൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു.

കേരള വിദ്യാഭ്യാസ മേഖല സമ്പൂർണ്ണ ഹൈടെക് ആകുന്നതിൻ്റെ ഭാഗമായി മണ്ണഞ്ചേരി സ്കൂളും 2016 -17 വർഷത്തിൽ ഹൈടെക്കായി.ഏതാണ്ട് 22 ക്ലാസ് മുറികൾ ഹൈടെക് ആക്കുവാൻ അധ്യാപകരും പൂർവവിദ്യാർഥികളും പൂർവകാല അധ്യാപകരും കൈകോർത്തു. സ്കൂൾ വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൻ്റെ ഭാഗമായി പൊതുവിദ്യാലയങ്ങൾ മികവിൻ്റെ കേന്ദ്രങ്ങളായപ്പോൾ മണ്ണഞ്ചേരിയുടെ മഹാവിദ്യാലയവും പുതിയ കെട്ടിടങ്ങളുടെ തലയെടുപ്പോടെ, ഗാംഭീര്യത്തോടെ നിലനിൽക്കുന്നു.

# പ്രധാനപ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

2500 ഓളം കുട്ടികൾ പഠിക്കുന്ന മഞ്ഞേരിയിലെ വിദ്യാലയ മുത്തശ്ശി യാണ് ഈ പൊതു വിദ്യാലയം. ബഹുമാനപ്പെട്ട എച്ച് എം സുജാതകുമാരി എം കെ, എസ് എം സി, പിടിഎ, അധ്യാപകർ, അനധ്യാപകർ, രക്ഷകർത്താക്കൾ എന്നിവരുടെ സംയുക്ത സഹകരണത്തോടെ ഈ അക്കാദമിക വർഷത്തിൽ നിരവധി ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് കാഴ്ചവെച്ചത്.സ്കൂളിലെ ദിനാചരണ പ്രവർത്തനങ്ങൾ കുട്ടികളുടെ പങ്കാളിത്തത്തോടെ സമൂഹത്തിന് ഉപകാരപ്പെടുന്ന രീതിയിൽ വേറിട്ട് നടത്തിയത് പൊതുജനങ്ങൾക്കിടയിൽ ശ്രദ്ധേയമാക്കി.കിടപ്പ് രോഗികൾക്ക് പൊതിച്ചോർ വിതരണം നടത്തുക, കനിവ് ചാരിറ്റി ബോക്സ്, ചികിത്സാസഹായ പദ്ധതി, കുട്ടികൾക്ക് ചികിത്സാ ചെലവ്, നിർദ്ധനരായ കുട്ടികൾക്ക് ഭക്ഷ്യസാധന കിറ്റ് വിതരണം ചെയ്യുക, കൂട്ടുകാർക്ക് സൈക്കിൾ വാങ്ങി നൽകുക , പഠനോപകരണങ്ങൾ നൽകുക, പോഷക ആഹാര വിതരണം നടത്തുക, വയോജന പരിപാടികൾ നടത്തുക തുടങ്ങി വിവിധ പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് സമൂഹത്തിനോടുള്ള കടമയും ഉത്തരവാദിത്വവും, സഹജീവികളോടുള്ള കരുണയും കരുതലും മനസ്സിലാക്കാൻ ഉപകരിച്ചു.



## ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ

കുട്ടികളുടെ ആരോഗ്യ വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ആയുർവേദ ഡോക്ടർ സജി ഉമ്മൻ ഔഷധ സസ്യങ്ങളും അതിന്റെ പ്രാധാന്യവും കുട്ടികളുടെ ആരോഗ്യവും ആയുർവേദവും എന്ന വിഷയത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തി.തുടർന്ന് കുട്ടികൾ തയ്യാറാക്കിയ ഭക്ഷ്യമേളയും നടന്നു. കുട്ടികൾക്കായി പ്രഥമ ശുശ്രൂഷപ്രായോഗിക പരിശീലന ക്ലാസ് ആരോഗ്യവകുപ്പുമായി സഹകരിച്ചുകൊണ്ട് ത്വക്ക് പരിശോധന, ടീൻസ് ക്ലബ്ബ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഡോക്ടർ സിസ്റ്ററസ് കുട്ടികൾക്ക് ക്ലാസ് എടുത്തു . ലോക എയ്ഡ്സ് ദിനാചരണം, ലഹരി വിമുക്തി ക്ലാസ്, പോഷക ആഹാര ശേഖരണവും വിതരണവും, വിഷമില്ലാത്ത ജൈവ പച്ചക്കറികൃഷിയുടെ തുടക്കം, കുട്ടികൾക്കായി കാർഷിക വിദഗ്ധൻ സുരേഷ് കുമാറിന്റെ കാർഷിക ബോധവൽക്കരണ ക്ലാസ്,. മില്ലറ്റിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ് നടന്നു, ഒപ്പം പ്രദർശനവും നടത്തി.

## വായനയിലൂടെ അറിവ്

വായനയുടെ പ്രാധാന്യം കുട്ടികളിലും സമൂഹത്തിലും എത്തിക്കുന്നതിനായി വിവിധ പരിപാടികളാണ് നടന്നിട്ടുള്ളത്. അക്ഷരമുറി ഒരുക്കുക, അക്ഷരക്കൂട് ഒരുക്കുക, വയോജനങ്ങളുടെ വായന പരിപോഷണ പരിപാടി, ഇംഗ്ലീഷ് ഫെസ്റ്റ്, വായന മത്സരങ്ങൾ, പത്രവായന മത്സരങ്ങൾ,ഹിന്ദി വാരാചരണം, ഹിന്ദി വിശ്വ ദിനം, റേഡിയോ ക്ലബ്ബിലൂടെയുള്ള വായന പ്രവർത്തനങ്ങൾ, വിവിധ രചനാ മത്സരങ്ങൾ, പ്ലക്കാർഡ്, പോസ്റ്റർ നിർമ്മാണം, പതിപ്പ് നിർമ്മാണം, കൊളാഷ് നിർമ്മാണം തുടങ്ങിയവയിലൂടെന വായന കുട്ടികളിൽ എത്തിക്കാനും അത് സമൂഹത്തിലേക്ക് പകർന്നു നൽകാനും സാധിച്ചു.

## ശുചീകരണ പ്രവർത്തനങ്ങൾ

വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിക്കേണ്ടതിന്റെ ആവശ്യകത കട്ടികളിലേക്ക് എത്തിക്കുന്ന വിധം, മണ്ണഞ്ചേരി സ്കൂളിനെ ക്ലീൻ ക്യാമ്പസ് ആയി മാറ്റുന്ന വിവിധ പ്രവർത്തനങ്ങൾ ആണ് ഈ വർഷം നടത്തിയത്. കട്ടികളും അധ്യാപകരും എസ്.എം.സി, പിടിഎ, രക്ഷകർത്താ സമിതികളും ,എസ് പി സിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ സ്കൂളും പരിസരപ്രദേശങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. പ്ലാസ്റ്റിക്കുകളും പേപ്പർ വേസ്റ്റുകളും വിവിധ രീതിയിൽ തരംതിരിച്ച് മാറ്റുന്നു. സ്കൂളിലെ പ്രവർത്തനങ്ങൾ എല്ലാം ഹരിത പ്രോട്ടോകോൾ പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. കട്ടികളുടെ അധ്യയന സമയം കളയാതെയുള്ള രാവിലെ 8:30 ലും വൈകുന്നേരം 5 മണിക്ക് ശേഷവും ആണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്.

## സർഗാത്മക പ്രവർത്തനങ്ങൾ.

കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തി കൊണ്ടുവരുന്നതിനായി Chillout Radio Mango എന്ന പേരിൽ റേഡിയോ പ്രോഗ്രാം നടത്തിവരുന്നു. അതിലൂടെ കുട്ടികളുടെ അവതരണമികവ് വളർത്താനും അത് മറ്റുള്ളവരിലേക്ക് എത്തിക്കാനും കഴിയും . അതുപോലെ സർഗ്ഗ വസന്തം ശില്പശാല, കുട്ടികളുടെ വിവിധതരത്തിലുള്ള രചനാമത്സരങ്ങൾ ചിത്രരചന മത്സരം, ക്രാഫ്റ്റ് നിർമ്മാണം, പേപ്പർക്കൂട് നിർമ്മാണം, ഭിന്നശേഷി കലാമേള. ഇൻക്ലൂസീവ് പരിപാടികൾ തുടങ്ങിയവയും ചെയ്തു വരുന്നു.






# ചാന്ദ്രദിനം

വിവിധ പരിപാടികളോടെ ചാന്ദ്ര ദിനാഘോഷം നടത്തി. കുട്ടികൾ റോക്കറ്റിന്റെ മാതൃകകൾ നിർമിച്ചു. പോസ്റ്റർ, പ്ലക്കാർഡ്, ചാന്ദ്രപര്യ വേഷണത്തെ ക്കുറിച്ച് കൊളാ ഷ്, തുടങ്ങിയവ നിർമിച്ചു. തുടർന്ന് കുട്ടികൾ നിർമിച്ച ഉത്പന്നങ്ങളുടെ എക്സിബിഷൻ സംഘടിപ്പിച്ചു.എല്ലാ കുട്ടികളെയും പ്രൊജക്ടർ ഉപയോഗിച്ച് , ആദ്യമായി ചന്ദ്രനിൽ പോയവരുടെ ചിത്രങ്ങളും, പ്രവർത്തനങ്ങളും കാണിച്ചു കൊടുത്തു.ചാന്ദ്രദിന പ്രേത്യേക അസ്സംബ്ളി നടത്തി കുട്ടികളുടെ പ്രസംഗം, കവിതാലാപനം, ക്വിസ് മത്സരം തുടങ്ങിയവ നടത്തി. അന്നേ ദിവസം എല്ലാ കുട്ടികളും അവർ തന്നെ ഉണ്ടാക്കിയ ചാന്ദ്രദിന ബാഡ്ജ് അണിഞ്ഞാണ് എത്തിയത്.ചാന്ദ്രദിന പ്രാധാന്യം കുട്ടികൾക്കു മനസിലാക്കാനും ഇന്ത്യ നടത്തികൊണ്ടിരിക്കുന്ന ചാന്ദ്രദിന പ്രവർത്തനങ്ങളെ കുറിച്ച് അറിയാനും അതിൽ പങ്കാളികൾ ആകാനും കുട്ടികളുടെ പ്രവർത്തനങ്ങളി ലൂടെ കഴിഞ്ഞു.

## ഭക്ഷ്യമേള

മണ്ണഞ്ചേരി ഗവണ്മെന്റ് ഹൈസ്കൂളിൽ ഔഷധസസ്യ ഭക്ഷ്യമേള നടന്നു.ബഹുമാനപ്പെട്ട ആയുർവേദ സീനിയർ മെഡിക്കൽ ഓഫീസർ Dr. സജി ഉമ്മൻ മേള ഉത്ഘാടനം ചെയ്തു. തുടർന്ന് കുട്ടികളുടെ ആരോഗ്യ സംരക്ഷണവും ആയുർവേദവും എന്ന വിഷയത്തിൽ ഡോക്ടർ ക്ലാസ്സെടുത്തു.കർക്കിടക മാസത്തിൽ ഉപയോഗിക്കുന്ന ഔഷധ സസ്യങ്ങൾ കൊണ്ടുണ്ടാക്കിയ വിവിധവിഭവങ്ങളുടെ പ്രദർശനം ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രസ് സുജാത കുമാരി ടീച്ചർ ഉത്ഘാടനം നടത്തി. കുട്ടികൾ ഉണ്ടാക്കി കൊണ്ടുവന്ന ഔഷധ കഞ്ഞിയുടെ വിതരണവും നടന്നു.





## ഹിരോഷിമ നാഗസാക്കി ദിനം

മണ്ണഞ്ചേരി ഗവണ്മെന്റ് ഹൈസ്കൂളിൽ ഹിരോഷിമ നാഗസാക്കി ദിനത്തോടനുബന്ധിച്ച് സ്കൂൾ കവലയിൽ ഫ്ലാഷ് മോബ് നടത്തി. തുടർന്ന് യുദ്ധ വിരുദ്ധ പ്ലാക്കാർഡ് മായി സമാധാന റാലി സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട pta പ്രസിഡന്റ് A. റഷീദ് സൈക്കിൾ റാലി ഉത്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട ഹെഡ് മിസ്ട്രസ്സ് സുജാത കുമാരി ടീച്ചർ റാലി ക്ക് സമാധാന ദീപം കൈമാറി.



## ഓണക്കിറ്റ് വിതരണം

ഗവണ്മെന്റ് ഹൈസ്കൂൾ മണ്ണഞ്ചേരിയിൽ ഓണാക്കി റ്റ് വിതരണം നടന്നു. സ്കൂൾ എസ്. എം സി, പി റ്റി എ, അധ്യാപകർ എന്നിവരുടെ സഹകരണത്തോടെ കുട്ടികൾ സമാഹരിച്ച വിവിധ ഭക്ഷ്യ സാധനങ്ങൾ കുട്ടികൾ തന്നെ നിർധനരായ വിദ്യാർത്ഥികൾക്ക് നൽകി

# കർഷകദിനം

ചിങ്ങം 1 കർഷക ദിനത്തോടനുബന്ധിച്ച് വിഷരഹിത പച്ചക്കറി കൃഷിക്ക് തുടക്കമിട്ടു. ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ അഡ്വക്കേറ്റ്. ആർ റിയാസ് പദ്ധതി ഉദ്ഘാടനം ചെയ്തു. നമ്മുടെ സ്കൂളിലെ കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള പോഷക ഗുണമുള്ള പച്ചക്കറികൾ സ്കൂളിൽ തന്നെ ഉൽപാദിപ്പിക്കണം എന്ന ലക്ഷ്യത്തോടെയാണ് നല്ലപാഠം പ്രവർത്തകർ കൃഷി ആരംഭിച്ചിരിക്കുന്നത്. തുടർന്ന് ജൈവകൃഷി രീതികൾ പിന്തുടർന്ന് വിജയകൊടി നാട്ടിയ മണ്ണഞ്ചേരിയിലെ പ്രമുഖ ജൈവ കർഷകൻ ശ്രീ സമൂഹമഠം ശശിയെ ചടങ്ങിൽ ആദരിച്ചു. സ്ഥല പരിമിതി ഏറെയുള്ള മണ്ണഞ്ചേരി സ്കൂളിൽ ഗ്രോ ബാഗിൽ തൈകൾ നട്ടുകൊണ്ട് ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രവർത്തനങ്ങൾക്ക് ആവേശത്തോടെ തുടക്കം കുറിച്ചിരിക്കുകയാണ് നല്ല പാഠം കുട്ടികൾ. കൃഷി പാഠം നല്ല പാഠം എന്ന സന്ദേശം ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രെസ് സുജാത കുമാരി നൽകി പയർ, ചീര , വെണ്ട, തക്കാളി തുടങ്ങി വിവിധ ഇനം പച്ചക്കറി തൈകളാണ് സ്കൂൾ അങ്കണത്തിൽ നട്ടു പിടിപ്പിച്ചത്. കർഷകദിനത്തോടനുബന്ധിച്ചു കുട്ടികൾ കാർഷിക പതിപ്പ് തയ്യാറാക്കി.









# സ്കൂൾ ശുചീകരണം

കുട്ടികളും അധ്യാപകരും എസ് എം സി,പി ടി എ അംഗങ്ങളും സംയുക്തമായി ചേർന്നുകൊണ്ട് സ്കൂളും പരിസരവും വൃത്തിയാക്കി. നല്ല പാഠം പ്രവർത്തകർ സംഘടിപ്പിച്ച ഈ ശുചീകരണ പരിപാടിയിൽ എല്ലാ കുട്ടികളും രക്ഷിതാക്കളും അധ്യാപകരും വളരെ ഉത്സാഹത്തോടെ പങ്കെടുത്തു. ശുചീകരണ പ്രവർത്തനങ്ങൾ വീട്ടിൽനിന്നും തുടങ്ങണമെന്നും തങ്ങൾ പഠിക്കുന്ന ക്ലാസും സ്കൂൾ പരിസരം എപ്പോഴും വൃത്തിയായി സൂക്ഷിക്കണം എന്നും ഒരു സന്ദേശം നൽകാൻ കഴിഞ്ഞിട്ടുണ്ട്.









# അധ്യാപക ദിനം

മണ്ണഞ്ചേരി സ്കൂളിൽ അധ്യാപക ദിനം ആചരിക്കുകയുണ്ടായി. കുട്ടികൾ റിട്ടയർ ചെയ്ത അധ്യാപകരുടെ വീടുകൾ സന്ദർശിച്ചു, അവരെ ആദരിക്കുകയുണ്ടായി. കുട്ടികൾ തന്നെ ഉണ്ടാക്കിയ ആശംസ കാർഡുകളും ബോക്കെകളും സമ്മാനമായി നൽകി.അധ്യാപകരുടെ വീടുസന്ദർശനവും അവരുമായുള്ള സംവദിക്കലും കുട്ടികൾക്കു ഏറെ സന്തോഷം നൽകി. ഒപ്പം സ്കൂളിലെ മുഴുവൻ അദ്ധ്യാപകരെയും ഒന്നിച്ചിരുത്തി കുട്ടികൾ നിർമിച്ച തൊപ്പിയും ബോക്കെയും ആശംസകർഡുകളും നൽകി ഗുരു വന്ദനം നടത്തി. ഡിസ്ട്രിക്ട് പഞ്ചായത്ത് മെമ്പർ അഡ്വക്കേറ്റ് ആർ റിയാസ് ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രെസ്സിനെയും മണ്ണഞ്ചേരി സ്കൂളിലെ മുൻ അധ്യാപകനും , എ ഇ ഒ യും ആയിരുന്ന സുഭാഷ് സാർനേയും ആദരിച്ചു.




# ഹിന്ദി വാരാചരണ പ്രവർത്തനം.





ഗവൺമെന്റ് ഹൈ സ്കൂൾ മണ്ണഞ്ചേരിയിൽ നല്ലപാഠം ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരാഴ്ചയായി ഹിന്ദി വാരാചാര പ്രവർത്തനങ്ങൾ നടന്നു വരുന്നു. കുട്ടികൾ ഹിന്ദിയിൽ അക്ഷര കാർഡുകൾ നിർമ്മി ക്കുകയും അത് സ്കൂൾക്യാമ്പസ്സിൽ പല ഭാഗങ്ങളിലായി അലങ്കരിച്ചു.കുട്ടികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. ഹിന്ദി പുസ്തകവായന, കവിതാലാപനം, പോസ്റ്റർ രചന, കഥരചന തുടങ്ങി വിവിധ മത്സരങ്ങളിൽ കുട്ടികൾ പങ്കെടുത്തു സമ്മാനർഹരായി. ഇന്ന് നടന്ന ഹിന്ദി പ്രത്യേകഅസ്സംബ്ളിയിൽ, ഹിന്ദി പ്രസംഗം, ദേശഭക്തി ഗാനം, പുസ്തക പരിചയം, ഹിന്ദി കവിതയുടെ ദൃശ്യാവിഷ്കാരം തുടങ്ങിയവ അവതരിപ്പിച്ചു. ഒരാഴ്ച കാലമായി നടന്നു വരുന്ന ഈ പ്രവർത്തനങ്ങൾ കുട്ടികളിൽ ഹിന്ദിയുടെ പ്രാധാന്യം മനസ്സിലാക്കാനും, ദേശീയബോധം വളർത്താനും, ഹിന്ദിഭാഷയിൽ താത്പര്യം വളർത്താനും സാധിച്ചു.


READING


# THE PROFOND JOURNEY OF READING

Reading is not merely a mundane activity; it is an immersive journey that transports individuals to •worlds beyond their immediate surroundings, igniting imagination, enriching knowledge, and fostering •empathy. Through the simple act of turning pages or swiping screens, readers embark on a voyage that •transcends time and space.

•At its core, reading is an intellectual endeavor that stimulates the mind and expands cognitive horizons.

•Whether delving into the realms of science fiction, dissecting the intricacies of historical events, or •exploring the depths of philosophical thought, reading exposes individuals to a myriad of perspectives •and ideas. It challenges preconceptions, encourages critical thinking, and nurtures intellectual curiosity, •thus empowering individuals to navigate the complexities of the world with greater understanding and •insight.

•Moreover, reading is a gateway to boundless creativity.



As readers immerse themselves in the vivid •descriptions and compelling narratives of literature, they are transported to fantastical realms where •anything is possible. From the whimsical landscapes of children's tales to the dystopian futures of •speculative fiction, reading sparks the imagination and invites readers to envision worlds beyond the •confines of reality. In this way, reading serves as a catalyst for creativity, inspiring individuals to explore •their own artistic expressions and cultivate their unique voices.

•Beyond its intellectual and creative merits, reading also holds profound emotional significance. Through •the experiences of fictional characters or the insights of real-life narratives, readers develop a deeper •understanding of the human condition and cultivate empathy for others. As they witness characters •grapple with love, loss, and adversity, readers are reminded of the universal struggles

and triumphs that
•unite humanity. In this way, reading fosters empathy, compassion, and a greater appreciation for the
•diverse tapestry of human experience.
•Furthermore, reading is a transformative practice that nurtures personal growth and self-reflection. In
•the solitude of a book's pages, readers are afforded the opportunity to confront their own beliefs,
•values, and aspirations. They may find solace in the wisdom of literary mentors, discover newfound
•passions, or confront uncomfortable truths about themselves and the world around them. Through this
•process of introspection and self-discovery, reading becomes a vehicle for personal growth, empowering
•individuals to navigate life's complexities with resilience and purpose.
•In essence, reading transcends the confines of mere words on a page; it is a profound journey of the
•mind, spirit, and soul. From the intellectual stimulation it provides to the emotional connections it
•fosters, reading enriches lives in ways both profound and enduring. As readers continue to embark onthis timeless voyage of discovery, they are reminded of the boundless possibilities that await within the
•pages of a book.

***READING GIVES US SOMEPLACE TO GO WHEN WE HAVE TO STAY WHERE WE ARE.***





***"JUST THE KNOWLEDGE THAT A GOOD BOOK IS AWAITING ONE AT THE END OF A LONG DAY MAKES THAT DAY HAPPIER"***

prepared by
**JABIR 9th D & ARIF 9th A**

# സർഗ്ഗവസന്തം ശില്പ ശാല

കുട്ടികൾക്കുള്ള സർഗ്ഗ വസന്തം ശില്പ ശാല സംഘടിപ്പിച്ചു. കുട്ടികളുടെ സർഗ്ഗ ശേഷി കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ഏക ദിന രചന ശില്പ ശാല നടന്നു. ചിത്ര രചന, കഥ,



കവിത, യാത്രാ വിവരണം, കാലിഗ്രാഫി തുടങ്ങി കുട്ടികൾക്കു താല്പര്യമുള്ള വിവിധ മേഖലകൾ തിരഞ്ഞെടുത്തു എഴുതാൻ അവസരമൊരുക്കി. Lp,up, hs വിഭാഗത്തിലെ കുട്ടികൾ പങ്കെടുത്തു. കുട്ടികളുടെ മാനസിക ഉല്ലാസത്തിനും, എഴുത്തും വായനയും വർധിപ്പിക്കുന്നതിനും, ആത്മവിശ്വാസം വളർത്തുന്നതിനുംഈ പരിപാടിക്ക് കഴിഞ്ഞു.



# വേനൽപച്ച



മണ്ണഞ്ചേരി സ്ക്കൂളിൽ ആലപ്പുഴ റൊട്ടറി ക്ലബ്ബും പി സി വർ ഗീസ് ഫൌണ്ടേഷന്റേയും സഹകരണത്തോടെ വേനൽ പച്ച ഫാം സ്ക്കൂൾ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുട്ടികൾക്കു" തിരികെ കാർഷിക സംസ്കാരത്തിലേക്ക് " എന്ന വിഷയത്തിൽ ബോധവത്കരണ ക്ലാസ്സ് നടത്തി. കാർഷിക വിദഗ്ദൻ എസ് സുരേഷ് കുമാർകുട്ടികളുമായി സംവദിച്ചു. തുടർന്ന് ദേശീയ പോഷക ആഹാര മാസാചാരണത്തിന്റെ ഭാഗമായി കുട്ടികൾക്കായി പോഷക ആഹാരത്തിന്റെ ആവശ്യകതയെ കുറിച്ച് നല്ല പാഠം കോർഡിനേറ്റർ റീനാ ബീഗം സ്ലൈഡ് പ്രസന്റേഷൻ നടത്തി.മില്ലെറ്റി ന്റെ പ്രാധാന്യവും പോഷക ഗുണങ്ങളും ശ്രീ വിനു വിശ്വനാഥ് കുട്ടികൾക്കു വിശദീകരിച്ചു അതിന് ശേഷം കുട്ടികൾക്കായി വിവിധതരം മില്ലെറ്റുകളുടെ പ്രദർശനം നടന്നു. പരിപാടി യുടെ ഉത്ഘാടനം ജില്ല പഞ്ചായത്ത് ഡിവിഷൻ മെമ്പർ അഡ്വക്കേറ്റ് ആർ റിയാസ് നിർവഹിച്ചു.



# MELTING IN THE LIGHT

THE MOON .......... THE MOON.........
IN THE MOONLITNIGHT
YOU'RE THE SKY
IAM THE MOONLIGHT
AM MELTING TO YOU
WHEN AM SEEING YOUH...........

IN THE MID NIGHT
THE SKY IS GEORGENOUS
WHEN THE MOON
AND STAR ARE GLOWING
THE STAR AND MOON
ARE IN THE MOONLIT NIGHT

CAN GIVE COUPLES TO A ROMANCEFUL NIGHT,
CAN GIVE FAMILY TO LOVELY NIGHT,
CAN GIVE HARD WORKES TO A PEACEFUL NIGHT.............

WHEN AM LOOKING TO THE SKY
IN THE MOONLITNIGHT
THE MOON GIVE ME
A GLOWING BIG PEARL IN MY FACE

IN MOONLITNIGHT
THE OWL'S HAVE A
GOOD CLAY ALSO
ALL ORGANISAM HAVE
A GOOD NIGHT VIBES........

THE STAR'S ARE SO INFIUITE
WHEN TRY TO COUNTING
THEY IN A CLEAR WEATHER
MONLITNIGHT.........

THE GLOW FULRLLY WAS CONFURE
ME FOR A SPECIFIC
TIME .......

THE GLOW FAIRFLY WAS
GIVE A FENTASTIC BEAUTY
T0 THE NIGHT................

I AM WAITING
FOR YOURS NEXT TERM.......
COME FAST.....



# FIRST AID CLASS

ഗവണ്മെന്റ് ഹൈസ്ക്കൂൾ മണ്ണഞ്ചേരിയിൽ കുട്ടികൾക്കായി ഫസ്റ്റ് എയ്ഡ് പ്രായോഗിക പരിശീലന ക്ലാസ്സ് നടത്തി.



കലവൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് നഴ്സ് ശ്രീമതി അഞ്ചു. കെ ക്ലാസ്സ് നയിച്ചു.തുടർന്ന് അടിയന്തര സാഹചര്യങ്ങളിൽ രോഗികൾക് ഉണ്ടാകാവുന്ന മാനസിക പ്രശ്നങ്ങളെ നേരിടുന്നതിനെ കുറച്ചു കുട്ടികൾക്കു ബോധവത്കരണം ജെ പി എച് എൻ ശ്രീമതി ജെ.കൃഷ്ണകുമാരി നടത്തി. ബഹുമാനപ്പെട്ട ഹെഡ്മിസ്ട്രെസ് സുജാത കുമാരി എം കെ ബോധവത്കരണ ക്ലാസ്സ് ഉത്ഘാടനം നടത്തി.



# ഏകദിന ചിത്രരചന ശില്പശാല

കുട്ടികളുടെ സർഗാത്മ ശേഷി കണ്ടെത്തുന്നതിനും വളർത്തുന്നതിനും കുട്ടികൾക്കായി ചിത്രരചന ശില്പശാല സംഘടിപ്പിച്ചു. ബഹുമാനപ്പെട്ട എച്ച് എം സുജാത ടീച്ചർ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ബി ആർ സി യിലെ ചിത്രകല അധ്യാപികയായ ശ്രീമതി ജോമോൾ ടീച്ചർ കുട്ടികൾക്കായി ക്ലാസെടുത്തു. തുടർന്ന് കുട്ടികൾക്ക് പേപ്പറും കളറും പെൻസിൽ നൽകി ചിത്രരചനയ്ക്കുള്ള അവസരം ഒരുക്കി. കുട്ടികളുടെ ഇഷ്ടമനുസരിച്ച് വരയ്ക്കാൻ അവസരം നൽകിയതിനാൽ വൈവിധ്യങ്ങളായ ചിത്രങ്ങളാണ് കുട്ടികളിൽ നിന്ന് ഉണ്ടായത്. എല്ലാ ചിത്രം ഒരുമിച്ച് ചേർത്തുകൊണ്ട് നാല് ക്ലാസ് മുറികളിലായി കുട്ടികളുടെ ആർട്ട് എക്സിബിഷൻ സംഘടിപ്പിച്ചു. ഒന്നാം ക്ലാസ് മുതൽ ഒൻപതാം ക്ലാസ് വരെയുള്ള എല്ലാ എല്ലാ കുട്ടികളെയും എക്സിബിഷൻ കാണിച്ചു.






കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്ന ഒരു പരിപാടിയായിരുന്നു പ്രവർത്തകർ ഒരുക്കിയത്.

# ഗാന്ധിജയന്തിദിന പരിപാടികൾ



ഗാന്ധിജയന്തി ദിന വാരാചരണത്തിനെ ചൊവ്വാഴ്ച തുടക്കം കുറിച്ചു. ഗാന്ധിജിയുടെ ശുചിത്വ സന്ദേശ പ്രവർത്തനങ്ങൾ കുട്ടികൾ സംഘടിപ്പിച്ചു. ആരോഗ്യ കാര്യങ്ങളിൽ വ്യക്തികൾ പാലിക്കേണ്ട ജാഗ്രത യെ കുറിച്ചും ശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകതയെ ക്കുറിച്ച് റീനബീഗം രക്ഷിതാക്കൾക് ബോധവത്കരണ ക്ലാസ്സ് നടത്തി. കുട്ടികൾ രക്ഷിതാക്കൾക് ലഘുലേഖ കൾ കൈമാറി. സ്കൂളിൽ പോസ്റ്ററുകൾ സ്ഥാപിച്ചു. കുട്ടികൾ ഗാന്ധി മാഗസിൻ തയ്യാറാക്കി. പോസ്റ്ററുകൾ, ചിത്രങ്ങൾ വരച്ചു. കുട്ടികൾക്കായി സ്വാതന്ത്ര്യനന്തര ഇന്ത്യ യിൽ ഗാന്ധിജി യുടെ പ്രസക്തി എന്ന വിഷയത്തിൽ പ്രസംഗ മത്സരം നടത്തി. സ്കൂളും പരിസരവും ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.പി റ്റി എ പ്രസിഡന്റ് CH റഷീദ്, വൈസ് പ്രസിഡന്റ് A ജോസ്, SMC വൈസ് ചെയർമാൻ A ശിഹാബ് ഹെഡ് മിസ്ട്രസ് സുജാത കുമാരി MK, എന്നിവർ പ്രസംഗിച്ചു രക്ഷിതാക്കൾ മാറ്റാദ്ധ്യാപകർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. കുട്ടികളിലും രക്ഷിതാക്കളിലും ഗാന്ധി സന്ദേശം എത്തിക്കാനും ശുചിത്വ


ശീലങ്ങൾ മനസ്സിലാക്കാനും ഈ പരിപാടിക്ക് സാധിച്ചു.



# അലങ്കാര നിർമ്മാണ പ്രവർത്തന പരിശീലനം

ഹൈസ്കൂൾ മണ്ണഞ്ചേരിയിൽ കുട്ടികൾക്ക് പേപ്പർ ഉപയോഗിച്ചുകൊണ്ട് ഉള്ള അലങ്കാര നിർമ്മാണ പ്രവർത്തനങ്ങൾ, പേപ്പർ കവർ, തൊപ്പി നിർമാണം എന്നിവക്ക് പരിശീലനം നൽകി. ബി ആർ സി അധ്യാപകരായ അൻസമ്മ ടീച്ചർ ജ്യോമോൾ ടീച്ചർ തുടങ്ങിയവർ നേതൃത്വം നൽകി. കളർ പേപ്പർ ഉപയോഗിച്ചുകൊണ്ട് കുട്ടികൾ വിവിധങ്ങളായ അലങ്കാര സാധനങ്ങളും പേപ്പർ കവറുകളും, ഉണ്ടാക്കി. കുട്ടികളെ നൈപുണികൾ പരിശീലിപ്പിച്ച് ഉൽപ്പന്നങ്ങൾ ഉണ്ടാക്കി സ്വയംപര്യാപ്തമാക്കാനും അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും ക്രിയാത്മക കഴിവുകൾ ഉപയോഗിക്കാനും ഈ പരിപാടിക്ക് കഴിഞ്ഞിട്ടുണ്ട്.





# മണ്ണഞ്ചേരി സ്കൂളിൽ ത്വക്ക് പരിശോധനയും ബോധവത്കരണവും



കുട്ടികളുടെ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് 28/11/23 രാവിലെ 11 മണി മുതൽ ത്വക്ക് പരിശോധനയും ബോധവത്കരണവും നടത്തി. കുട്ടികളുടെ ശരീരത്തിൽ ഉണ്ടാകാൻ സാധ്യത ഉള്ള പാടുകൾ പരിശോധിച്ചു. ആർ ബി എസ് കെ നഴ്സ് കൃഷ്ണകുമാരി പരിശോധ നക്ക് തുടക്കം കുറിച്ചു. ജെ പി എച്ച് എൻ ആശ, MLSP മാരായ മിനി മാത്യു, ബിച്ചു, ഷഹന എന്നിവർ കുട്ടികളെ പരിശോധിച്ചു. ആവശ്യ പ്രോട്ടീനുകളുടെയും വിറ്റാമിനുകളുടെ അപര്യാപ്ത ത മൂലം കുട്ടികളുടെ ശരീരത്തിൽ വെള്ള പാടുകൾ ഉണ്ടാകാൻ സാധ്യത ഉണ്ടെന്നും അത് പച്ചക്കറികളും മീനും പയറു വർഗ്ഗങ്ങളും ഭക്ഷണത്തിൽ ഉൾപെടുത്തെ ണ്ടതി ന്റെ ആവശ്യകതയെ കുറിച്ചും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ സ്മിത കുട്ടികൾക്കു നിർദേശം നൽകി. വിശദ പരിശോധന ആവശ്യമുള്ള കുട്ടികളെ കലവൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് റെഫർ ചെയ്തു.





# സർഗ്ഗ വസന്തം ശില്പ ശാല



കുട്ടികൾക്കുള്ള സർഗ്ഗ വസന്തം ശില്പ ശാല സംഘടിപ്പിച്ചു. കുട്ടികളുടെ സർഗ്ഗ ശേഷി കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി ഏക ദിന രചന ശില്പ ശാല നടന്നു. ചിത്ര രചന, കഥ, കവിത, യാത്രാ വിവരണം, കാലിഗ്രാഫി തുടങ്ങി കുട്ടികൾക്കു താല്പര്യമുള്ള വിവിധ മേഖലകൾ തിരഞ്ഞെടുത്തു എഴുതാൻ അവസരമൊരുക്കി നല്ല പാഠം ടീം. Lp, up, hs വിഭാഗത്തിലെ കുട്ടികൾ പങ്കെടുത്തു. കുട്ടികളുടെ മാനസിക ഉല്ലാസത്തിനും, എഴുത്തും വായനയും വർധിപ്പിക്കുന്നതിനും, ആത്മവിശ്വാസം വളർത്തുന്നതിനും ഈ പരിപാടിക്ക് കഴിഞ്ഞു.



# FRIENDSHIP

Friends is our one of the most valuble gift from God. Friendship makes a good relationship between us. It is the best thing i've ever recive. School days friends and their memories still last forever. Friendship is the special and precious gift from God Almighty.

We can compare "swarm of bees" as our friends,they are dilateing around us. Friendship makes good memories. Enjoy all the moments with our friends.

Friendship is the best relationship in the world. Friends are like a family. Friends are the relatives we made for ourself. The moments with our friends is the best thing in school life. We have to make it permanent until the rest of our life.

# MEDICINAL PLANTS AND THEIR USES

1. Turmeric

Scientific Name - Curcuma longa

Uses

Reduces high cholesterol
It is a good blood purifier
Anti-allergic and anti-oxidant
Good for skin diseases and diabetes

2. Aloe Vera

Scientific Name -Aloe barbadensis miller

Uses

Used for burns and wounds
It is good for digestive and liver problems
Good for hair growth

3. Neem

Scientific Name - Azadirachta indica

Uses

Good for skin disease
Protects teeth and gum
Used as anti-fungal agent

4. Tulsi

Scientific Name - Ocimum tenuiflorum

Uses

Beneficial for deworming
Tulsi leaves used with honey is good for cough and cold

# My Passion

The gift that god gave to my life is dance. The medicine to my sadness is dance.Through the dance i get concentration in so many things in study and also in otherthings. I get motivation through this.I started learning dance in my 6th year's old when i'm studying in the 4th class i do my 'ARANGETTAM'.

Right now i am in 9th class but still i hold the art with me. I chace the dream to go 'YOUTHFESTIVAL' that because i transferd to state syllabus school. Right now i'm studing in 'G.H.S MANNANCHERRY SCHOOL'.I transferd this school in 5th standerd.I'm very thank ful to my school and teachers in that moment to this moment. I'm also thankful to my parents to gave support & motivation to go to the State level for dancing in Youth festival.

For the sweet memories in the youth festival right now. That were in my heart.I feel very happy when i memories the memories in the youth festival.The tension in the moment that before dance and the happy & sadness after the dance. When i memories that was a very happy moment.I get a golden chance to participate in the 'STATE LEVEL YOUTHFESTIVAL'.that were in 'KOLLAM DISTRICT'. The sceneary in the places were very beautiful.I met so many participaters with have so many talent. I get a chance to see 'CHIEF MINISTER' Mr.Pinarayi Vijayan Sir.The god gave me so much of good memories to me. Through this year i realises hard work is the best thing to get end result to be possitive. Everyone wants to love your own talent and that will be your life.

BY
PAVITHRA .S NATH
& ASWATHY JS

♡

# SEED OF THE WORLD

Farmers are growing up a king

on our hunger

Taste of food

He planted the seeds of our happy

He was watered the land

Through his sweat and tear

with just a hanful of barren land

And tottering dreams based on the sand

He belive on earth

A person who runs and work on a farm

he was heart of the country

Farmers are the pillars of our nation

They work hard to supply food items

For everyone living in the nation throughout

their lives

A good farmer is nothing more

nor less than a handy man

with a sence of humus

Farmers is the servants of humanity

Hope is their daily bread

Farmers are the guardians of hope

Farmers are the unsung heroes

Farmers are the soldiers

Always fighting

The was against

Farmers is the god of hungry

He make her life in others

Love of the world

Seed of the world

Farmers is a endless story

# ലോക ഭിന്നശേഷി വാരാചരണം




ചേർന്നുകൊണ്ട് ഇൻക്ലൂസിവ്
പരിപാടികൾ തുട തുടങ്ങിയവ
വിപുലമായരീതിയിൽ നടത്തി. കുട്ടികളെ
സ്റ്റേജിൽ അനുമോദിക്കുക

യും സമ്മാന വിതരണം നടത്തുകയും
ചെയ്തു. . ബഹുമാനപ്പെട്ട HM സുജാത കുമാരി
ടീച്ചർ സമ്മാന വിതരണം നടത്തി. മറ്റു കുട്ടികളുടെ
സഹായത്തോടെപരിപാടികളിൽ പങ്കെടുക്കാൻ കഴിഞ്ഞത്
ഈ കുട്ടികൾക്ക് മാനസികോല്ലാസം നൽകാൻ സഹായിച്ചു.
ഇൻ ക്ലൂസീവ് പരിപാടിയിലൂടെ ഭിന്നശേഷി കുട്ടികളുടെ
പ്രശ്നങ്ങൾ മനസ്സിലാക്കാനും അവരെ സഹായിക്കേണ്ടതിന്റെ
ആവശ്യകത മനസ്സിലാക്കാനും
മറ്റ് കുട്ടികൾക്കും സാധിച്ചു.





# ടർഫ്






# Future of AI in Waste Management

Existing waste management systems may not be equipped to handle the growing waste volume, leading to operational inefficiencies and environmental strain..Exploring the latest AI advancements for waste management beyond dustbins, such as predictive analytics for waste collection and disposal.Discussing the potential integration of AI with other waste management technologies, creating comprehensive and efficient waste management systems.Promoting awareness about the benefits of AI-driven waste management among the community, encouraging active participation and support.Encouraging positive waste disposal practices through AI-based initiatives, aiming to instill sustainable habits within the community.Encouraging positive waste disposal practices through AI-based initiatives, aiming to instill sustainable habits within the community.Encouraging positive waste disposal practices through AI-based initiatives, aiming to instill sustainable habits within the community.

PREPARED BY
ARJUN P A &GOKUL

# SOLITUDE

IN  the silence,she find her own song
she danced alone amind the busting
IN her mind,loneliness become her friend

her thoughts are  whispering gently and clear,
a serene melody in her mind
she lives in a world where her heart can't live
she enjoyed the echo of her own footsteps
A solace symphony,where happiness blooms
Alone,yet not lonely,she uncovered the key  own company
Livin the moment,savoring her own company
IN dance of silence,her soul fly in the sky
embracing solitude her loves her life

climate change

.

Human activities from pollution to overpopulation are increasing day by day in earth.It changes the earth's temperature and fundamentally changing the world around us.

The main cause is a phenomenon known as the green hoise effect.Gases in the atmosphere suach as water vapour, carbondioxide,methane,nitrousoxide and chloroflurocarbons. Let the sun's light in but keep some of the heat from escaping like the glass walls of a greenhouse gasesin the atmosphere the heattrapped strenghenig the green house effect and increasing the earth's temperature. The areas where plants and animals can live shift and water supplies are diminished in addition to creating new agriculturalchallenges .Climate change can directly affect on people physical health .If we work to replace fossil fuels with renewable energy sources like solar and wind which don't produce greenhouse gas.We might still be able to prevent the worst effects. of climate changeare diminished in addition to creating new agricultural challenges

# ആകാശവാണിയുടെ വയലുംവീടും പരിപാടിയിൽ തിളങ്ങി മണ്ണഞ്ചേരി സ്കൂൾ



ആകാശവാണി മണ്ണഞ്ചേരി സ്കൂളിലെ

കാർഷികപ്രവർത്തനങ്ങളെ ലോക ശ്രദ്ധയിൽ

പെടുത്തി. 22/1/24 ലെ 6.20 നള്ള വയലും വീടും

പരിപാടി മണ്ണഞ്ചേരി സ്കൂളിന്റേത് ആയിരുന്നു.

സ്കൂളിലെ കുട്ടി കർഷകർക്ക് ഏറെ പ്രോത്സാഹനം

നൽകിയ ഈ പരിപാടി ഏറെ ജനശ്രദ്ധ

ആകർഷിച്ചു. ഫെബ്രുവരി ഒന്നാം ലക്കം

കർഷകശ്രീ മാസികയിലും കുട്ടികളുടെ ഈ മാതൃകാ കാർഷിക പ്രവർത്തനം

പ്രസിദ്ധീകരിക്കുകയാണ്. കുട്ടി കർഷകൻ ആയ Arjun PA and Gokul G യുടെ

കാർഷിക പ്രോജക്ട് , "രശ്മി". എന്ന പരിപാടിയിൽ നേരിട്ട്

അവതരിപ്പിക്കുന്നതിനായ് ആൾ ഇന്ത്യ റേഡിയോയിൽ പ്രത്യേക ക്ഷണം ലഭിച്ചു.

കർഷകന് വീട്ടിൽ ഇരുന്നു കൊണ്ട് തന്നെ വിളകളിൽ രോഗം

കണ്ടുപിടിക്കുന്നതിന് സഹായിക്കുന്ന ഡ്രോൺ ആണ് കുട്ടി സ്വയം രൂപകല്പന

ചെയ്തത്. കുട്ടികളുടെ കാർഷിക പ്രവർത്തനങ്ങൾ ഏറെ അംഗീകരിക്കപ്പെടുകയാണ്



